# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1522 14.06.2013-ലെ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.രാധാകൃഷ്ണൻ | | ഡോ: എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിക്കുന്നതിന് ഏതെങ്കിലും സാങ്കേതിക സമിതികൾ ജില്ലാടിസ്ഥാനത്തിൽ നിലവിലുണ്ടോ ; | (എ) | പദ്ധതികൾ അംഗീകരിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ സാങ്കേതിക സമിതികൾ നിലവിലില്ല. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ബാധകമല്ല |
| (സി) | സാങ്കേതിക സമിതികൾ നിലവിലില്ലെങ്കിൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള സംവിധാനമെന്ത്; വ്യക്തമാക്കുമോ ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി ഓൺലൈൻ എൻട്രി നടത്തുകയും പ്രസ്തുത ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ പരിശോധന നടത്തി ഓൺലൈനായി അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. ഈ ഘട്ടത്തിൽ തന്നെ പ്രോജക്ടുകൾക്ക് നിർവ്വഹണം നടത്താൻ അനുമതി നൽകിയിട്ടുണ്ട്.<br>നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി വാങ്ങേണ്ടതുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും, എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥനു തന്നെ സാങ്കേതിക അനുമതി നൽകാൻ അനുവാദമില്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻവർഷങ്ങളിലേതുപോലെ പഞ്ചായത്ത് സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിക്കുന്നതിൽ കാല താമസമുണ്ടാകുന്നതുമൂലം ഫണ്ട് വിനിയോഗത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിക്കുന്നതിൽ കാല താമസം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ